# ആമുഖം

കോട്ടയം ജില്ലയിലെ കൂരോപ്പട ഗ്രാമപഞ്ചായത്തിൽ 16 ആം വാർഡിൽ കൊച്ചാലുങ്കൽ സ്കൂൾ എന്നറിയപ്പെട്ടിരുന്ന പങ്ങട ഗവ. എൽ പി സ്കൂൾ നാടിന്റെ അക്ഷരജ്യോതിസ്സായി പ്രകാശം ചൊരിഞ്ഞു നിൽക്കുന്നു . വർഷങ്ങൾക്കുമുൻപ് ഒരു കുടിപ്പള്ളിക്കൂടമായി തുടങ്ങിയ സ്കൂൾ ഇപ്പോൾ ഹൈടെക് വിദ്യാലയമായി മാറിയിരിക്കുന്നു.

1918- ൽ ഈ സ്കൂൾ ആരംഭിക്കുന്നതിനു ലഭിച്ചിരുന്ന നാട്ടുകാരുടെ സഹകരണം ഇപ്പോഴും തുടർന്ന് പോരുന്നു.ഒരു പൊതുസ്ഥാപനമായി നിലനിന്നിരുന്ന സ്കൂളിന് 1964 -ൽ കണ്ടിഷണൽ സറണ്ടറും 1980-ൽ പൂർണമായ സറണ്ടറും ലഭിച്ചു. കുട്ടികളുടെ പരിപൂർണ വികസനത്തിന് ഉതകുന്നതരത്തിൽ പ്രീ -പ്രൈമറി മുതൽ 5 ആം ക്ലാസ് വരെയുള്ള അധ്യയനം ആണ് ഇവിടെ നടക്കുന്നത്.

.ഓരോ കുട്ടിയേയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കാനുതകും വിധം പഠന നേട്ടങ്ങൾക്ക് ഉടമയാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് സമഗ്രഗുണമേന്മ പദ്ധതിയിലൂടെ വിദ്യാർത്ഥിയുടെ സർവതോന്മുഖമായ വളർച്ച ഉറപ്പാക്കിയാണ് ഞങ്ങൾ മുന്നോട്ടു പോകുന്നത്.

# പ്രൊഫൈൽ

വിദ്യാലയം : ഗവ.എൽ പി സ്കൂൾ ,പങ്ങട ഫോൺ -04812505888
വില്ലേജ് : കൂരോപ്പട ഫോൺ 04812701867

പഞ്ചായത്ത് : കൂരോപ്പട ഫോൺ 04812700243

വാർഡ് :XVI ,ചാക്കാറ

ബ്ലോക്ക് :പാമ്പാടി ഫോൺ 04812551060

ജില്ല : കോട്ടയം

പ്രധാനാധ്യാപിക :ശ്രീമതി സുനിതകുമാരി ടി ജി

9495749457

വാർഡ്മെമ്പർ :ശ്രീമതി ഷീലമാത്യു

പി ടി എ പ്രസിഡണ്ട് :ശ്രീ മനോഷ് ശശി

എസ് എം സി ചെയർമാൻ :ശ്രീ രഞ്ജിത് ജോൺ

സ്റ്റാഫ് സെക്രട്ടറി :ശ്രീ ജെയ്സൺ തോമസ്

എസ് ആർ ജി കൺവീനർ :ശ്രീമതിജയശ്രീ എസ്

മറ്റു അധ്യാപകർ :ശ്രീമതിരേഖാവി നായർ

ശ്രീമതി റഷീദാബീവി ടി എച്ച്

മാതൃസമിതി പ്രസിഡന്റ് ശ്രീമതി രമ്യ പ്രദീപ്

സ്കൂൾ ലീഡർ : സിയാൻ സിബി

കുട്ടികളുടെ എണ്ണം -2023-24

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 15 | 18 | 33 |
| 2 | 14 | 12 | 26 |
| 3 | 19 | 26 | 45 |
| 4 | 15 | 20 | 35 |
| 5 | 17 | 16 | 33 |
| ആകെ | 80 | 92 | 172 |

2024-25

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 8 | 26 | 34 |
| 2 | 15 | 17 | 32 |
| 3 | 17 | 15 | 32 |
| 4 | 21 | 23 | 44 |
| 5 | 13 | 21 | 34 |
| ആകെ | 74 | 102 | 176 |

2025-26

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 14 | 10 | 24 |
| 2 | 8 | 25 | 33 |
| 3 | 15 | 18 | 33 |
| 4 | 16 | 18 | 34 |
| 5 | 20 | 23 | 43 |
| ആകെ | 73 | 94 | 167 |

## നിലവിലെ അവസ്ഥ (ഭൗതികം )

| വിഭാഗം | നിലവിലുള്ളത് |
|---|---|
| ക്ലാസ് മുറികൾ | 11 |
| ഓഫീസ് | 1 |
| ചുറ്റുമതിൽ | ഉണ്ട് |
| ആൺ കുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 4 |
| പെൺ കുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 4 |
| അഡാപ്റ്റഡ് ടോയ്‌ലറ്റ് | 1 |
| അടുക്കള | ഉണ്ട് |
| ഊണുമുറി | ഇല്ല |
| കളിസ്ഥലം | ഇല്ല |
| സ്കൂൾ ബിൽഡിംഗ് വിത്ത് റാമ്പ് ആൻഡ് റെയിൽ | 2 |
| കുടിവെള്ളം | ഉണ്ട് |
| സ്കൂൾ വാൻ | 2 |
| സ്റ്റാഫ് റൂം | ഇല്ല |

## വിദ്യാലയ ഐ ടി അനുബന്ധ സാമഗ്രികൾ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| ലാപ്ടോപ്പ് | 13 |
| പ്രൊജക്ടർ | 4 |
| പ്രിൻറർ | 2 |
| റേഡിയോ | 1 |
| ടി വി | 2 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് |
| സ്മാർട്ട് ക്ലാസ്സ്റൂം | 1 |
| സൗണ്ട് സിസ്റ്റം | 1 |
| | |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്ന അനുബന്ധ സംവിധാനങ്ങൾ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ് ആർ ജി | എല്ലാ തിങ്കളാഴ്ചയും 4 പി എം ,അവലോകനം ആസൂത്രണം |
| എസ് എം സി | പ്രധാനദിനാചരണങ്ങൾക്കു മുന്നോടിയായി |
| എം പി ടി എ ,എസ് എസ് ജി | പ്രധാനദിനാചരണങ്ങൾക്കു മുന്നോടിയായി |
| സ്കൂൾ വികസനസമിതി | മതിയായ അവസരങ്ങളിൽ |
| ,ജാഗ്രത സമിതി | ജൂൺ ആദ്യവാരം രൂപീകരിക്കുന്നു ,ബോധവത്കരണ പ്രവർത്തനങ്ങൾ |
| ക്ലബ് പ്രവർത്തനങ്ങൾ | ദിനാചരണങ്ങൾ,ബോധവത്കരണ പ്രവർത്തനങ്ങൾ വിവിധ മത്സരങ്ങൾ ,പതിപ്പുനിർമ്മാണം |
| ലാബ് | ക്ലാസ്സ്റൂം സാദ്ധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നു |
| ലൈബ്രറി | പഠന പിന്തുണ,വായനപ്രവർത്തനങ്ങൾ |

## നേട്ടങ്ങൾ

1. ശാസ്ത്ര മേളകളിലെ ചാമ്പ്യൻ ഷിപ്
2. സബ്ജില്ലാ കലോത്സവത്തിൽ സെക്കന്റ് റണ്ണറപ്
3. അക്ഷരമുറ്റം ,സ്വദേശി ക്വിസ്‌കളിലെ സംസ്ഥാനതല പ്രാതിനിധ്യം
4. 10- എൽ എസ് എസ് വിജയികൾ
5. പഞ്ചായത്തിലെ മികച്ച ഹരിതവിദ്യാലയം
6. സബ്ജില്ലയിലെ ഏറ്റവും മികച്ച സർക്കാർ വിദ്യാലയ അവാർഡ്
7. എസ് എസ് എസ് അക്കൗണ്ട് കളക്ഷന് ജില്ലാകളക്ടറുടെ പുരസ്‌കാരം
8. നല്ലപാഠം എ ഗ്രേഡ്
9. എം ടി എസ് ഇ -ലെ മികച്ച വിജയങ്ങൾ
10. സബ്ജില്ലയിലെ മികച്ച പി ടി എ അവാർഡ് 4 തവണ

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ദേശീയനിലവാരത്തിലേക്കുയരാൻ ഈ വിദ്യാലയം ലക്ഷ്യമിടുന്നു.സ്കൂൾ റേഡിയോ ക്ലബ് പുനരാരംഭിക്കാൻ ,കബ്സ് ആൻഡ് ബുൾബുൾ ടീം രൂപീകരണം , വായനക്കൂടാരം എന്നിവ ഈ വർഷം

നടപ്പിലാക്കാൻ തീരുമാനിച്ചു .വർണക്കൂടാരം പദ്ധതി സ്കൂളിന് ലഭിച്ചിട്ടുണ്ട് .ക്ലാസ്സ്റൂം ആസ് ലാബ് പ്രവർത്തനങ്ങളും നടന്നുവരുന്നു.

## പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായ വായിക്കാനും എഴുതാനും പ്രാപ്തരാകുക
- പ്രീ പ്രൈമറി മുതൽ 5-ആം ക്ലാസ്സുവരെ ഓരോ കുട്ടിയേയും പഠനനേട്ടത്തിന്റെ ഉടമകളാക്കുക
- ഗവേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കൽ
- സ്വയം പഠനത്തിന് അവസരമൊരുക്കൽ
- രംഗവേദികളിലേക്കു കടന്നുവരാൻ എല്ലാ കുട്ടികൾക്കും അവസരമൊരുക്കുക
- കലാകായിക പ്രവർത്തി പരിചയ മേഖലകളിലെ അഭിരുചികൾ കണ്ടെത്തി പരിപോഷിപ്പിക്കുക
- വായന ഒരു സംസ്കാരമാക്കി മാറ്റി എടുക്കുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി പിന്തുണ ഉറപ്പാക്കൽ
- ശുചിത്വ ബോധം സംസ്കാര സമ്പന്നതയുടെ ഭാഗമായി തിരിച്ചറിയാൻ പ്രാപ്തരാക്കുക
- നവമാധ്യമങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന്റെ നന്മക്കുവേണ്ടി ഉപയോഗപ്പെടുത്താൻ പരിശീലിപ്പിക്കുക
- എ ഐ സാധ്യതകൾ ക്ലാസ്സ്മുറികളിൽ പ്രയോജനപ്പെടുത്തുക
- റേഡിയോ ക്ലബ് പ്രവർത്തനങ്ങളിലൂടെ വിവിധങ്ങളായ അറിവുകൾ സ്വായത്തമാക്കുക
- ടാലന്റ് ലാബ് പ്രവർത്തനങ്ങളിലൂടെ ജന്മസിദ്ധമായ കഴിവുകളെ വളർത്തുക
- സേവന സംഘടനകളുടെ ഭാഗമാകുന്നതിലൂടെ മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുക
- വിദ്യാലയപ്രവർത്തനങ്ങൾക്കു പിന്തുണ നൽകുന്ന ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക

- ➔ മലയാളത്തോടൊപ്പം ഇംഗ്ലീഷ് ,ഹിന്ദി ഭാഷാ ശേഷികൾ കൈവരിക്കുക
- ➔ സ്വാതന്ത്രവായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക

വാർഷിക കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| മെയ് | സ്കൂൾ പി ടി എ കമ്മറ്റി യോഗം, 2025-26-ലെ പ്രവർത്തനങ്ങൾ ആസൂത്രണം ,ശുചീകരണം, ക്ലാസ്സ്ഗ്രൂപ് രൂപീകരിക്കൽ ,ചിത്രരചനാ പരിശീലനം ,പാഠപുസ്തക വിതരണം | പി ടി എ,എസ് എം സി ,അധ്യാപകർ , പാചകത്തൊഴിലാളി ,എൽ എസ് ജി ,എം പി ടി എ |
| ജൂൺ | പ്രവേശനോത്സവം,എൽ എസ് എസ് വിജയികളെ അനുമോദിക്കൽ , ഉച്ചഭക്ഷണപരിപാടി ആരംഭം, ,സന്മാർഗപാഠപ്രവർത്തനങ്ങൾ, ബോധവത്കരണക്ലാസ്സുകൾ ,വിദ്യാപ്രവേശ് ,ക്ലബ്രൂപീകരണം,വിവിധ കമ്മറ്റി രൂപീകരണം ,ദിനാചരണങ്ങൾ,നല്ലപാഠം അക്ഷരപ്പച്ച, അമ്മവായന ,കുട്ടിക്കൊരു പുസ്തകം , എസ ആർ ജി | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| ജൂലൈ | എസ് ആർ ജി ,ക്ലാസ് റൂം പ്രവർത്തന വിലയിരുത്തൽ ,ആസൂത്രണം, എൽ എസ് എസ് പരിശീലനം ആരംഭം, ക്ലബ് മീറ്റിങ്ങുകൾ ,ക്ലാസ് പി ടി എ ,ചിത്രകലാപരിശീലനം | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| ഓഗസ്റ്റ് | എസ് ആർ ജി,തനതു പ്രവർത്തനം, ഇംഗ്ലീഷ് അസ്സബ്ളി ആരംഭം, ദിനാചരണങ്ങൾ ,പാദവാർഷിക മൂല്യനിർണയം ,ഓണാഘോഷം | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| സെപ്റ്റംബർ | പച്ചക്കറി വിളവെടുപ്പ് ,ദിനാചരണങ്ങൾ ,സി പി ടി എ ,കോർണർ പി ടി എ,എസ് ആർ ജി,സ്കൂൾ മേളകൾ | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| ഒക്ടോബർ | കോർണർ പി ടി എ ,സ്കൂൾ മേളകൾ ദിനാചരണങ്ങൾ സബ്ജില്ലാതലമേളകൾ -പങ്കാളിത്തം ,സി പി ടി എ ,ശുചീകരണം | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| നവംബർ | കേരളപ്പിറവി ,ശിശുദിനം, പഠനയാത്ര ഡോക്യൂമെന്ററി പ്രദർശനം ക്ലബ് പ്രവർത്തനങ്ങൾ , | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| ഡിസംബർ | ക്ലബ് പ്രവർത്തനങ്ങൾ , പി ടി എ ജനറൽ ബോഡി ,ക്വിസ് മത്സരങ്ങൾ ,അർദ്ധവാർഷിക പരീക്ഷ | എച് എം ,എസ് ആർ ജി ,പി ടി എ |

| | | |
|---|---|---|
| | ,ക്രിസ്തുമസ് ആഘോഷം | ,കുട്ടികൾ |
| ജനുവരി | കോർണർ പി ടി എ ,ദിനാചരണങ്ങൾ,നാടൻ ഭക്ഷ്യമേള ,പഠനമികവുകളുടെ അവതരണം -ക്ലാസ്സ് തലം | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| ഫെബ്രുവരി | ക്ലബ് പ്രവർത്തനങ്ങൾ,പഠനോത്സവം ,കിഡ്‌സ് ഫെസ്റ്റ് ,ഇംഗ്ലീഷ് ഫെസ്റ്റ് ,കോർണർ പി ടി എ , | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| മാർച്ച് | ,കോർണർ പി ടി എ ,പി ടി എ ജനറൽ ബോഡി ,സ്‌കൂൾ വാർഷികം, സി പി ടി എ ,വാർഷിക വിലയിരുത്തൽ , | എച് എം ,എസ് ആർ ജി ,പി ടി എ ,കുട്ടികൾ |
| ഏപ്രിൽ | ,മൂല്യനിർണയം ,പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കൽ ,ഭവന സന്ദർശനം | പ്രഥമാധ്യാപിക , അധ്യാപകർ |

അക്കാദമികം (ഭാഷ)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അക്ഷരത്തെറ്റുകൂടാതെ മാതൃഭാഷ എഴുതുന്നതിനും വായിക്കുന്നതിനും | ക്ലാസ് ലൈബ്രറി സജ്ജമാക്കൽ പഠനകിറ്റ് ഒരുക്കൽ | 1 വർഷം | ക്ളാസ് ടീച്ചർ |
| മാതൃഭാഷയിൽ ആത്മവിശ്വാസത്തോടെ അവതരണങ്ങൾ നടത്തുന്നതിന് | ഡയറിയെഴുത് (1-4 സംയുക്തഡയറി മുതൽ സർഗ്ഗാത്മക ഡയറി വരെ )ശീലമാക്കുക | 1 വർഷം | ക്ളാസ് ടീച്ചർ |
| പ്രയോഗങ്ങൾ,ശൈലികൾ പദസമ്പത്തുകൾ ആർജിക്കുന്നതിനും നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും | പത്രവായന വിവിധ ആവിഷ്കാരങ്ങൾ -പാവനാടകം സ്കിറ്റ് കഥ കവിത നാടകം ശില്പശാലകൾ സർഗ്ഗവേള ബാലസഭ | 1 വർഷം | ക്ളാസ് ടീച്ചർ |
| പഠനപിന്തുണ നൽകി മികവിലെത്തിക്കുന്നതിന് | പഠനപിന്നാക്കാവസ്ഥ ,പ്രത്യേക പരിഗണന നൽകേണ്ടവർക്കായി | 1 വർഷം | ക്ളാസ് ടീച്ചർ |

| | | | |
|---|---|---|---|
| | പ്രത്യേക പോഷണ പരിപാടി | | |
| ഇംഗ്ലീഷ്<br><br>ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയത്തിനുള്ള കഴിവു നേടിയെടുക്കുക<br><br>പദസമ്പത്ത് വർധിപ്പിക്കുക | ENGLISH<br>ക്ളാസിൽ English സംസാരിക്കാൻ<br>ICT സാധ്യത ഉപയോഗിച്ച കേൾക്കാൻ അവസരം<br>ROLE PLAY<br>DRAMATISATION<br>CHOREOGRAPHY<br>READING CARDS<br>ENGLISH ASSEMBLY<br>Dictionary making<br>Find Antonims,synonims,Rhythmic words etc. | 1 year<br><br>1 Year<br><br>1 Year | Class Teachers<br><br>Students |
| ശാസ്ത്രം /സാമൂഹ്യശാസ്ത്രം<br><br>കുട്ടികളിൽ ശാസ്ത്രീയമനോഭാവം വളർത്തുന്നതിന്<br><br>പരീക്ഷണനിരീക്ഷണങ്ങളിലൂടെ അറിവ് നേടുന്നതിന്<br><br>ക്ലബ്പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിന് | ക്ലബ്ബ്കളിലെ സജീവ പങ്കാളിത്തം<br>ശാസ്ത്രജ്ഞരുടെ അനുഭവങ്ങൾ /നേട്ടങ്ങൾ പങ്കുവയ്ക്കൽ | 1 Year | Teacher, Students |

| | | | |
|---|---|---|---|
| ആരോഗ്യ കരമായ ഒരു ജീവിതശൈലിസ്വായത്തമ ാക്കുന്നതിന് | ആരോഗ്യ ചാർട്ട് ,ഉയരം തൂക്കം അളക്കൽ -എല്ലാമാസവും | 1 Year | Teacher, Students Health workers |
| സ്വന്തം ചുറ്റുപാടുകളെ ക്കുറിച്ച് വ്യക്തമായാധാരണ രൂപീകരിക്കുന്നതിന് | ആരോഗ്യ ക്ലാസുകൾ | | |
| ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിന് | പച്ചക്കറിക്ക്യഷി പരിപാലനം - സ്കൂളിൽ ,വീട്ടിൽ | 1 Year | Teacher, Students, Parents, Nallapadam |
| പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് , | ക്ലാസ്, സ്കൂൾ ,വസ്തുവകകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന്. , | 1 year | |
| | പൊതുസ്ഥാപനങ്ങൾ പരിചയപ്പെടുന്നു -പ്രാധാന്യ പ്രയോജനം | 1 year | Teachers students PTA |
| രാജ്യസ്നേഹം വളർത്തുന്നതിന് | പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നു<br>ഭാരതത്തിന്റെ പ്രത്യേകതകൾ ,സ്വാതന്ത്ര്യസമരചരിത്രം ,പൈതൃകം ഇവതിരിച്ചറിയുന്നുപ്രവർത്തനങ്ങൾ | | Teachers students PTA |
| പരിസ്ഥിതി സംരക്ഷണം | ക്ലബ് പ്രവർത്തനങ്ങൾ<br>സ്കൂൾ പച്ചപ്പ് നിലനിർത്തൽ ,<br>ചെടികളെ പരിപാലിക്കൽ ,<br>പ്ലാസ്റ്റിക് വർജനം | 1 year | Teachers students PTA |

| | | | |
|---|---|---|---|
| ഗണിതം<br><br>ഗണിതപഠനം ആസ്വാദ്യകരമാക്കുക | ഗണിതക്ലബ് പ്രവർത്തനങ്ങൾ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി ഗണിതപഠനം ആസൂത്രണം ചെയ്യുക | 1 year | Teachers students |
| ഗണിതചിന്താവളർത്തുക പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിവ് നേടുക | വിവിധ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുക പ്രായോഗിക പ്രശ്നനിർധാരണത്തിനവസരം നൽകുക . | 1 year | Teachers students |
| സംഖ്യാബോധം ,ചതുഷ്ക്രിയകൾ ഇവയിൽ നൈപുണ്യം നേടുന്നതിന് | ഓരോ കുട്ടിക്കും ക്ലാസ്സിനും അനുയോജ്യമായ പഠനതന്ത്രങ്ങൾ ഉപയോഗിക്കുക ഐസിടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക . | 1 year | Teachers students |
| ഗണിതപിന്നാക്കാവസ്ഥ ഇല്ലാതാക്കുക | ക്ലാസ്സ്റൂം ആസ് ലാബ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക | continuing | |

തനതു പ്രവർത്തനം

| ലക്ഷ്യങ്ങൾ | പ്രവർത്തനക്രമം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനവസന്തം | വായനയുടെ അനന്തസാധ്യതകളിലൂടെ ജീവിത വിജയം നേടിയെടുക്കുന്നതിന് ക്ലാസ് ലൈബ്രറികൾ സ്ഥാപിച്ചു വായനയുടെ വളർച്ച വിലയിരുത്തുന്നു | 1 വർഷം | ,കുട്ടികൾ ,അധ്യാപകർ,രക്ഷിതാക്കൾ | |
| ക്ലാസ്സ്റൂം ആസ് ലാബ് | പഠനം രസകരവും ജീവസ്സുറ്റതുമാക്കുന്നതിന് 3,4 ക്ലാസ്സുകൾക്കായി ഭാഷ ,ഗണിതം ,പരിസരപഠനം ഇംഗ്ലീഷ് ലാബുകൾ | Long term | കുട്ടികൾ, അധ്യാപകർ,രക്ഷിതാക്കൾ , BRC | |
| ചിത്ര രചന ക്യാമ്പ് | കുട്ടികളുടെ സർഗ്ഗവാസനയെ പോഷിപ്പിക്കുന്നതിനു ചിത്രകലാ അധ്യാപകന്റെ സഹായത്തോടെ ക്ലാസുകൾ | Every saturday | കുട്ടികൾ, അധ്യാപകർ,രക്ഷിതാക്കൾ | |
| പഠന പരിപോഷണം | ഓരോ കുട്ടിയേയും ഒറ്റ യൂണിറ്റായി കണ്ടു പിന്തുണ നൽകുന്നു .പഠന പിന്നാക്കാവസ്ഥ ഒഴിവാക്കുന്നു | 1 വർഷം | | |
| Wall of love | സഹജീവിസ്നേഹം ഉറപ്പിക്കുന്നു | 1 വർഷം | കുട്ടികൾ, അധ്യാപകർ,രക്ഷിതാക്കൾ | |
| വായനചെപ്പ് | സ്കൂൾ ലൈബ്രറി പൊതുജനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. | 1 വർഷം | | |
| കുട്ടിക്കൊരു പുസ്തകം | കണ്ടൻകാവ് പബ്ലിക് ലൈബ്രറിയിലെ പുസ്തകം വായനക്കായി സ്കൂളിൽ എത്തിക്കുന്നു | 1 വർഷം | കുട്ടികൾ, അധ്യാപകർ,രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| രചനോ<br>ത്സവം<br><br>വേറിട്ട<br>അസംബ്ലി<br><br>കവിയര<br>ങ്ങു<br>/കഥയര<br>ങ്ങ് | കുട്ടികളുടെ സ്വതന്ത്ര രചനകൾ കൈയ്യെഴുത്തുമാസികയായി പ്രകാശനം .<br><br>English , Hindi, Malayalam<br><br>അറിയുന്നത് /കേട്ടത് /വായിച്ചതു / പങ്കുവയ്ക്കൽ | 1 വർഷം<br><br>1 വർഷം<br><br>1 വർഷം | കുട്ടികൾ, അധ്യാപ കർ,രക്ഷി താക്കൾ | |

ഗവ .എൽ പി സ്കൂൾ പങ്ങടയ്ക്കു ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട് .മികവിന്റെ പാതയിലെ ചവിട്ടുപടിയായി ഭൗതിക സൗകര്യങ്ങൾ മാറണം .അതിനായി ഉള്ള കാര്യങ്ങൾ ചുവടെ ചേർക്കുന്നു .

| | |
|---|---|
| ◆ അസ്സംബ്ളി പോയിന്റ് | ഏതു കാലാവ ഉപസംഹാരം സ്ഥയിലും asseambly നടത്താൻ കഴിയണം |
| ◆ ഉച്ചഭക്ഷണശാല | എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്നെ വൃത്തിയുള്ള അന്തരീക്ഷത്തിൽ ഭക്ഷണം കഴിക്കാൻ കഴിയണം |
| ◆ ഓഡിറ്റോറിയം | ആഘോഷങ്ങൾ /പൊതുമീറ്റിങ്ങുകൾ നടത്താൻ കഴിയണം |
| ◆ കളിസ്ഥലം | കുട്ടികളുടെ ശാരീരിക /മാനസിക ആരോഗ്യം മെച്ചപ്പെടുത്തണം |
| ◆ ലൈബ്രറി ആൻഡ് റീഡിങ് റൂം | അലോസരമില്ലാതെ വായന ആസ്വദിക്കാൻ അവസരമൊരുക്കണം |

# ഉപസംഹാരം

സമഗ്രഗുണമേന്മാപദ്ധതിയുടെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പ്രൈമറി വിദ്യാഭ്യാസത്തെ ദേശീയനിലവാരത്തിലേക്കുഎത്തിക്കുന്നതിന് വിഭാവന ചെയ്ത ഈ മാസ്റ്റർപ്ലാൻ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്താൻ പര്യാപ്തമായ മാർഗ്ഗരേഖയാണ് .

ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള /മധ്യമേഖലാ/ഹ്രസ്വകാല /ദീർഘകാല പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും .ഈ മാസ്റ്റർപ്ലാൻ അനുസരിച്ച് സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും അതിലൂടെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതും ആയിരിക്കും .